## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4786 — 19.05.2017-ൽ മറുപടിയ്ക്ക്

## കടലിൽ നിക്ഷേപിച്ച മത്സ്യക്കുഞ്ഞുങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.വി. വിജയദാസ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സി.എം.എഫ്.ആർ.ഐ.യുടെയും മറ്റും സഹായത്തോടുകൂടി വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളെ കടലിൽ നിക്ഷേപിച്ചതായിട്ടുള്ള മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ യും ബി യും) | സി.എം.എഫ്.ആർ.ഐ.യുടെ സഹായത്തോടു കൂടി മത്സ്യക്കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പ് കടലിൽ നിക്ഷേപിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം മത്സ്യയിനങ്ങളാണ് ഇപ്രകാരം നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്; വിശദവിവരം നൽകുമോ; എന്തെല്ലാം നേട്ടങ്ങളാണ് ഇതിലൂടെ കൈവരിക്കുവാൻ കഴിയുന്നത്; | | |
| (സി) | ഉൾനാടൻ മത്സ്യകൃഷിയ്ക്ക് നേട്ടമുണ്ടാകുന്ന തരത്തിൽ ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുവാൻ കഴിയുമോ; | (സി) | ഉൾനാടൻ മത്സ്യമേഖലയിൽ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതു ജലാശയങ്ങൾ, അഴിമുഖങ്ങൾ എന്നിവിടങ്ങളിൽ കാർപ്പ്, കരിമീൻ, ചെമ്മീൻ, പൂമീൻ, ആറ്റുകൊഞ്ച് തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയ്ക്കായി 17-18 സാമ്പത്തിക വർഷം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 253 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം ഇത്തരം നടപടി ഇതിനുമുൻപ് സ്വീകരിച്ചിട്ടുണ്ടോയെന്ന് പറയാമോ? | (ഡി) | ഫിഷറീസിലെ ജില്ലാ ആഫീസുകൾ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ